നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ രണ്ടു ഗവൺമെന്റ് പ്ലീഡർമാരുടെ സേവനം ഇതിനായി വിട്ട് കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 1991 മുതൽ 96 വരെയുള്ള കാലയളവിൽ മിച്ചഭൂമി നൽകിയതിലൂടെ 11211 പട്ടയം വിതരണം ചെയ്തിട്ടുണ്ട്. 700 ഹെക്ടർ മിച്ചഭൂമിക്കാണ് ഈ കാലയളവിൽ പട്ടയം വിതരണം ചെയ്തത്.

കൈവശരേഖ

65 (2862) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാന പരിധി കുറഞ്ഞവർക്ക് സർക്കാർ പുറമ്പോക്ക് സൗജന്യമായി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് കൈവശരേഖ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നപടികളുടെ പുരോഗതിയെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ തോട്, പുഴ, കുളം, റോഡ്, പുറംമ്പോക്കുകൾ 1.1.1992 നു മുമ്പ് കൈവശം വച്ചനുഭവിക്കുന്നവർക്ക് കൈവശരേഖ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് അർഹരായവർക്ക് കൈവശരേഖ നൽകിവരുന്നു.

റവന്യൂ പുറമ്പോക്കുകൾ

66 (2863) ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരാതിർത്തികളിൽ റവന്യൂ പുറംമ്പോക്കുകൾ എവിടെയെല്ലാം ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ സ്ഥലവും എത്ര സെന്റ് വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം നഗരത്തിലുള്ള ശ്രീമൂലം ക്ലബ്, ട്രിവാൻഡ്രം ക്ലബ് എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം സർക്കാർ ഉടമസ്ഥതയിലുള്ളതാണോ;

(ഡി) എങ്കിൽ ഈ ക്ലബ്ബുകൾക്ക് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളത് എന്ന് മുതൽക്കാണ് എന്നും അതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഇ) നിലവിലുള്ള ലീഡ് നിരക്ക് എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത് കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണക്കാക്കിയിട്ടുണ്ട്.

(ബി) ഭൂമിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

	വില്ലേജ്	സർവ്വേ നം.	വിസ്തീർണ്ണം
1.	വഞ്ചിയൂർ	2638	38.750 ഏക്കർ
2.	തൈക്കാട്	880	5.70 ഏക്കർ
3.	പട്ടം	1757	40 സെന്റ്
	പട്ടം	2170	40 സെന്റ്
4.	പേട്ട	1920	8 സെന്റ്
5.	കടകംപള്ളി	2623	2 1/2 ഏക്കർ
6.	ശാസ്തമംഗലം	1311	40 സെന്റ്
	ശാസ്തമംഗലം	1312, 1313, 1331	65 സെന്റ്
7.	ശാസ്തമംഗലം	598	59 സെന്റ്
8.	കവടിയാർ	2114/2	18 സെന്റ്
			(900 സ്കയർ ലിംഗ്സ്)
9.	കവടിയാർ	3484	
		3485	
		3469	11 സെന്റ്
			(475 സ്കയർലിംഗ്സ്)
10.	കവടിയാർ	3481	
		3482	
		3500	91 സെന്റ്
11.	കവടിയാർ	3467	20 ഏക്കർ 98 സെന്റ്
			(കനകക്കുന്ന് പാലസ് കോമ്പൗണ്ട്)

(സി) ശ്രീമൂലം ക്ലബ് സ്ഥിതി ചെയ്യുന്ന സ്ഥലം സർക്കാർ ഭൂമിയാണ്. എന്നാൽ ട്രിവാൻട്രം ക്ലബ് സ്ഥിതിചെയ്യുന്നത് പട്ടയ ഭൂമിയിലാണ്.

(ഡി) 1115 ഇടവമാസം മുതൽ 30 വർഷത്തേയ്ക്ക് പാട്ടം നൽകിക്കൊണ്ടുള്ള ഉത്തരവ് ലഭ്യമല്ലാത്തതിനാൽ പാട്ടവ്യവസ്ഥകൾ വ്യക്തമാക്കാൻ നിർവ്വാഹമില്ല.

(ഇ) പ്രതിവർഷം 5 രൂപ 40 പൈസ

(എഫ്) നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly